ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. നിയമസഭാ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച അസം, കേരളം, പുതുച്ചേരി എന്നിവിടങ്ങളിൽ നാമനിർദേശ പത്രികാ സമർപ്പണം ആരംഭിച്ചു; പത്രികാ സമർപ്പണം ഈ മാസം 23 വരെ.

   **Filing of nomination begins for Assembly elections in Assam, Keralam and Puducherry; Nominations can be submitted till the 23rd of this month.**

2. കേരളത്തിൽ സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയായ മണ്ഡലങ്ങളിൽ പ്രചാരണം സജീവം; തെരഞ്ഞെടുപ്പ് ചെലവു നിരീക്ഷകരുടെ ആദ്യ ഘട്ട സന്ദർശനം ഇന്ന് മുതൽ.

   **In the constituencies in Kerala where candidate announcements have been completed, election campaigning has become active; the first phase of election expenditure observer's visit will begin today.**

3. പാർലമെൻറിൻറെ ബജറ്റ് സമ്മേളനം തുടരുന്നു. റെയിൽവേ മന്ത്രാലയത്തിന്റെ ധനാഭ്യർത്ഥനകളിൽ ലോക്സഭയിൽ ഇന്ന് ചർച്ച.

**The Parliament's Budget Session is continuing; In the Lok Sabha today, there will be a discussion on the Railway Ministry's demands for grants.**

4. എൽപിജിയുമായി ഹോർമുസ് കടലിടുക്ക് കടന്ന ഇന്ത്യൻ കപ്പൽ ശിവാലിക് മുന്ദ്ര തുറമുഖത്തെത്തി; രാജ്യത്തെ എല്ലാ റിഫൈനറികളും പരമാവധി ശേഷിയിൽ പ്രവർത്തിക്കുന്നതായി കേന്ദ്ര സർക്കാർ.

   **Indian LPG carrier vessel Shivalik carrying 46,000 metric tonnes of Liquefied Petroleum Gas from Qatar reached Mundra Port. The Union Government says that all refineries in the country are operating at maximum capacity.**

5. രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാൻ ഇന്ന് മുതിർന്ന പൗരന്മാർക്ക് മാത്രമായി തുറന്നു നൽകും.

   **Amrit Udyan at Rashtrapati Bhavan will exclusively open for senior citizens today.**

6. അഫ്ഗാനിസ്ഥാനിലെ ആശുപത്രിയിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തിൽ 400 ഓളം പേർ കൊല്ലപ്പെട്ടു..

   **At least 400 people have been killed in a Pakistani airstrike at a hospital in Afghan.**

☸☸☸☸☸☸☸☸☸☸☸☸☸

## ELECTION NOTIFICATION

നിയമസഭാ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച അസം, കേരളം, പുതുച്ചേരി എന്നിവിടങ്ങളിൽ നാമനിർദേശ പത്രികാ സമർപ്പണം ആരംഭിച്ചു. ഈ മാസം 23 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 24 നാണ് പത്രികകളുടെ സൂക്ഷ്മ പരിശോധന. ഈ മാസം 26 വരെയാണ് പത്രിക പിൻവലിക്കാൻ സമയം അനുവദിച്ചിരിക്കുന്നത്. ഏപ്രിൽ ഒൻപതിനാണ് വോട്ടെടുപ്പ്.

വോട്ടെണ്ണൽ മെയ് നാലിന് നടക്കും. ഗോവ, കർണാടക, നാഗാലാൻഡ്, ത്രിപുര ഉപതിരഞ്ഞെടുപ്പുകൾക്കുള്ള വിജ്ഞാപനവും ഇന്നലെ പുറത്തിറക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## KHELKAR (INTRO)

തിരഞ്ഞെടുപ്പ് സമാധാനപരമായി നടത്താൻ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുമെന്ന് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. അവധി ദിവസങ്ങളിൽ നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമെന്നും തിരഞ്ഞെടുപ്പിൽ പൂർണമായും വെബ് കാസ്റ്റിങ്ങ് ഏർപ്പെടുത്തുമെന്നും ശ്രീ കേൽക്കർ പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## CANDIDATES KERALA

കേരളത്തിൽ സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയായ മണ്ഡലങ്ങളിൽ പ്രചാരണത്തിൽ സജീവമാകുകയാണ് സ്ഥാനാർത്ഥികൾ. 47 സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക ബിജെപി ഇന്നലെ പുറത്തിറക്കി. നേമത്ത് രാജീവ് ചന്ദ്രശേഖറും, വട്ടിയൂർകാവിൽ ആർ ശ്രീലേഖയും, കഴക്കൂട്ടത്ത് വി മുരളീധരനും മത്സരിക്കും. കേരള കോൺഗ്രസ് എമ്മും 12 പേരുടെ സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കിയിട്ടുണ്ട്. നിയമസഭ തിരഞ്ഞെടുപ്പിലേക്കുള്ള എൻസിപി സ്ഥാനാർത്ഥികളെയും പ്രഖ്യാപിച്ചു. എ.കെ ശശീന്ദ്രൻ ഏലത്തൂരിൽ നിന്ന് വീണ്ടും ജനവിധി തേടും. എൻഡിഎ ഘടകകക്ഷിയായ ബിഡിജെഎസും 12 സ്ഥാനാർത്ഥികളുടെ പട്ടിക പുറത്തിറക്കി. സിപിഐഎം 81 പേരുടെയും, സിപിഐ 25 പേരുടെയും പട്ടിക പുറത്തിറക്കിയിരുന്നു. കോൺഗ്രസിൻറെയും, മുസ്ലിം ലീഗിൻറെയും സ്ഥാനാർത്ഥി പ്രഖ്യാപനം ഇന്ന് ഉണ്ടായേക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION OBSERVORS (INTRO)

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവു നിരീക്ഷകരുടെ ആദ്യ ഘട്ട സന്ദർശനം ഇന്നാരംഭിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## Video

നിയമസഭാ തരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രചാരണ വീഡിയോ വാഹനങ്ങൾക്ക് അനുമതി നൽകുന്നതിനും മോട്ടോർ വാഹന ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുമായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിൽ ട്രാൻസ്പോർട് നോഡൽ ഓഫീസറെ നിയമിച്ചു. മാനന്തവാടി റീജിയണൽ ട്രാൻസ്പോർട് ഓഫീസർ എ കെ നജീബിനെയാണ് മെയ് 7 വരെയുള്ള കാലയളവിലേക്ക് നിയമിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## SIR

സംസ്ഥാനത്ത് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സാധിക്കാത്തവർക്ക് ഈ മാസം 23 വരെ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## WB-ELECTION SURVEILLANCE

പശ്ചിമ ബംഗാളിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. 100% പോളിംഗ് ബൂത്തുകളിലും വെബ് കാസ്റ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. വലിയ ഒത്തുചേരലുകളിലും പ്രശ്നബാധിത പ്രദേശങ്ങളിലും സാഹചര്യങ്ങൾ നിരീക്ഷിക്കുന്നതിനായി ഡ്രോണുകൾ വിന്യസിക്കും. കൂടാതെ, ഇതാദ്യമായി, നിരീക്ഷകരുടെ പ്രവർത്തനം

അവലോകനം ചെയ്യുന്നതിന് ഐഎഎസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന "ഒബ്സർവർ സെൽ" രൂപീകരിച്ചിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## RS POLL – bihar, Oisha, Haryana

ബിഹാറിൽ നിന്നുള്ള അഞ്ച് രാജ്യസഭാ സീറ്റുകളും നാഷണൽഡെമോക്രാറ്റിക് അലയൻസ് നേടി. എൻഡിഎയിൽ വിജയിച്ച സ്ഥാനാർത്ഥികളിൽ ഭാരതീയ ജനതാ പാർട്ടിയിൽ നിന്നുള്ള നിതിൻ നബിൻ, ശിവേഷ് റാം, ജനതാദൾ യുണൈറ്റഡിൽ നിന്നുള്ള നിതീഷ് കുമാർ, രാംനാഥ് താക്കൂർ, രാഷ്ട്രീയ ലോക് മോർച്ചയിൽ നിന്നുള്ള ഉപേന്ദ്ര കുശ്വാഹ എന്നിവരും ഉൾപ്പെടുന്നു. ഒഡീഷയിൽ മൻമോഹൻ സമലും സുജീത് കുമാറും അടക്കം നാല് ബിജെപി നോമിനികൾ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അതേസമയം ബിജെപിയുടെ സഞ്ജയ് ഭാട്ടിയയും കോൺഗ്രസിൻ്റെ കരംവീർ സിംഗ് ബൗധും ഹരിയാനയിൽ നിന്നുള്ള രണ്ട് രാജ്യസഭാ സീറ്റുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

☸☸☸☸☸☸☸☸☸☸☸☸☸

## PARLIAMENT TODAY

പാർലമെൻറിൻ്റെ ബജറ്റ് സമ്മേളനം തുടരുന്നു. 2026-27 ലെ റെയിൽവേ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ധനാഭ്യർത്ഥനകളിൽ ലോക്സഭയിൽ ഇന്ന് ചർച്ചയും വോട്ടെടുപ്പും നടക്കും. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് രാജ്യസഭയിൽ, 2026 ലെ ധനവിനിയോഗ ബിൽ അവതരിപ്പിച്ചേക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## AMRIT UDYAN

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാൻ ഇന്ന് മുതിർന്ന പൗരന്മാർക്ക് മാത്രമായി തുറന്നുനൽകും. വിവിധ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, ഡൽഹി പോലീസിലെ സീനിയർ സിറ്റിസൺ സെൽ തുടങ്ങിയവരുമായി സഹകരിച്ച് സാമൂഹിക നീതി- ശാക്തീകരണ മന്ത്രാലയമാണ് സന്ദർശനം ഒരുക്കുന്നത്. മുതിർന്ന പൗരന്മാരെ സാമൂഹികവും വിനോദപരവുമായ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക ലക്ഷ്യമിട്ടാണ് ഉദ്യാനം തുറക്കുന്നതെന്ന്

മന്ത്രാലയം അറിയിച്ചു. സന്ദർശനം സുഗമമാക്കുന്നതിന് ഗതാഗതം ഉൾപ്പെടെയുള്ള ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## REV. AFGHAN – ATTACK

അഫ്ഗാൻ തലസ്ഥാനമായ കാബൂളിലെ ആശുപത്രിയിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തിൽ 400 പേരോളം കൊല്ലപ്പെടുകയും 250 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വ്യോമാക്രമണത്തിൽ ആശുപത്രിയുടെ വലിയൊരു ഭാഗം തകർന്നതായും താലിബാൻ സർക്കാർ വക്താവ് അറിയിച്ചു. ആക്രമണത്തിൽ യു എൻ ആശങ്ക പ്രകടിപ്പിച്ചു.

## WEST ASIA CONFLICT

പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരുന്നു. ലെബനനിൽ കരയുദ്ധവും, ഇറാനിൽ മിസൈൽ ആക്രമണവും തുടരുകയാണെന്ന് ഇസ്രായേൽ അറിയിച്ചു. ലെബനനിലെ ഹിസ്ബുള്ള കേന്ദ്രങ്ങൾക്ക് നേരെ ശക്തമായ ആക്രമണം നടത്തിയതായി ഇസ്രായേൽ പ്രതിരോധ മന്ത്രി പറഞ്ഞു. അതേസമയം ഇസ്രയേൽ ആക്രമണത്തിനെതിരെ പോരാട്ടം തുടരുമെന്ന് ഇറാൻ ആവർത്തിച്ചു.

## INDIAN VESSEL

എൽപിജിയുമായി ഹോർമുസ് കടലിടുക്ക് കടന്നെത്തിയ ഇന്ത്യൻ കപ്പൽ ശിവാലിക് ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തെത്തി. മറ്റൊരു ചരക്കുകപ്പലായ നന്ദാ ദേവി ഇന്ന് ഇന്ത്യൻ തീരത്ത് എത്തിച്ചേരുമെന്ന് തുറമുഖ, ഷിപ്പിംഗ്, മന്ത്രാലയം അറിയിച്ചു. യുഎഇയിൽ നിന്ന് ക്രൂഡ് ഓയിലുമായി പുറപ്പെട്ട ഇന്ത്യൻ കപ്പൽ ജഗ് ലാഡ്കി ഇന്ത്യയിലേക്ക് സുരക്ഷിതമായി യാത്ര തുടരുകയാണ്.

## SUJATHA SHARMA (INTRO)

രാജ്യത്ത് ആവശ്യത്തിന് അസംസ്കൃത എണ്ണ ശേഖരമുണ്ടെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. എല്ലാ റിഫൈനറികളും പരമാവധി ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവർ അറിയിച്ചു. പെട്രോൾ പമ്പുകളുടെ പ്രവർത്തനം, എൽപിജി വിതരണം എന്നിവയിൽ നിലവിൽ ബുദ്ധിമുട്ടുകളില്ലെന്നും ശ്രീമതി സുജാത ശർമ്മ വ്യക്തമാക്കി.

**( വോയിസ്....)**

## JAISHANKAR-MEETINGS

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ജർമ്മനി , സ്ലൊവാക്യ , ഗ്രീക്ക്, ഡച്ച് വിദേശകാര്യ മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി. പശ്ചിമേഷ്യയിലെ സംഘർഷത്തെക്കുറിച്ച് വിദേശകാര്യമന്ത്രിമാർ ചർച്ച ചെയ്തു. കണക്റ്റിവിറ്റി ശക്തിപ്പെടുത്തുക, വ്യാപാരം പ്രോത്സാഹിപ്പിക്കുക, സെമികണ്ടക്ടറുകൾ, നിർമിതബുദ്ധി , ജല വിനിയോഗം എന്നിവയിലെ സഹകരണം ഉറപ്പാക്കുക തുടങ്ങിയവയും ചർച്ചയായി.

## GOVT - THREE VESSELS

ഹോർമുസിലൂടെ ഇന്ത്യൻ കപ്പലുകളുടെ സുരക്ഷിത ഗതാഗതത്തിന് പകരമായി, ഫെബ്രുവരിയിൽ ഇന്ത്യ പിടിച്ചെടുത്ത മൂന്ന് ടാങ്കറുകൾ വിട്ടുകൊടുക്കണമെന്ന് ഇറാൻ ആവശ്യപ്പെട്ടതായി അവകാശപ്പെടുന്ന വാർത്തകൾ വ്യാജമെന്ന് കേന്ദ്രസർക്കാർ. ഇന്ത്യയും ഇറാനും തമ്മിൽ ഇത്തരമൊരു ചർച്ച നടന്നിട്ടില്ലെന്നും മാധ്യമ റിപ്പോർട്ടുകൾ അടിസ്ഥാന രഹിതമാണെന്നും സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

## CM LETTER

റംസാൻ, വിഷു, ഈസ്റ്റർ ആഘോഷങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഒരു എൽപിജി സിലിണ്ടർ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു.

രണ്ട് മാസത്തേക്ക് ഈ ക്രമീകരണം ഏർപ്പെടുത്താൻ എണ്ണ വിതരണ കമ്പനികൾക്ക് നിർദ്ദേശം നൽകണമെന്നാണ് കത്തിലെ ആവശ്യം.

☸☸☸☸☸☸☸☸☸☸☸☸☸

## UK-STRAIT OF HORMUZ

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഹോർമുസ് കടലിടുക്ക് വഴി എണ്ണക്കടത്ത് പുനരാരംഭിക്കാൻ സഖ്യകക്ഷികളുമായി ചേർന്ന് പദ്ധതി തയ്യാറാക്കുകയാണെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമർ. വലിയ യുദ്ധത്തിലേക്ക് തങ്ങളില്ലെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. കടലിടുക്ക് തുറക്കുന്നതിനായി യുദ്ധക്കപ്പലുകൾ അയക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ് സഖ്യകക്ഷികളോട് ആവശ്യപ്പെട്ടതിന് പിന്നാലെയാണ് പ്രതികരണം.

☸☸☸☸☸☸☸☸☸☸☸☸☸

## SRI LANKA-FUEL SHORTAGE

ശ്രീലങ്കയിൽ ഇന്ധനക്ഷാമം തുടരുന്ന സാഹചര്യത്തിൽ സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, സർവകലാശാലകൾ, കോടതികൾ എന്നിവയ്ക്ക് നാളെ അവധി പ്രഖ്യാപിച്ചു. ഇന്ധന ഉപഭോഗം കുറയ്ക്കുന്നതിനായി ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സർക്കാർ പരിപാടികൾ നിർത്തിവച്ചതായും അധികൃതർ അറിയിച്ചു.